പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3331</u> 13.03.2017 ൽ മറുപടിക്ക്

## ഹെവി വെഹിക്കിൾസ്/ഗുഡ്സ് വാഹനങ്ങൾ എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഓടുന്ന ഹെവി വെഹിക്കിൾസ്/ഗുഡ്സ് വണ്ടികൾ എന്നിങ്ങനെയുള്ള വലിയ വാഹനങ്ങൾ പലതരത്തിലുള്ള അപകടം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇങ്ങനെയുള്ള വണ്ടികളിൽ ഡ്രൈവർ മാത്രമാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത വാഹനങ്ങളിൽ ക്ലീനർമാർ നിർബന്ധമായും ഉണ്ടായിരിയ്ക്കണമെന്നുള്ളതിന് അടിയന്തര ഉത്തരവ് ഇറക്കി അപകടങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) യും (സി) | ഉണ്ട്. കേരള മോട്ടോർ വാഹ ചട്ടം 368 പ്രകാരം എല്ലാ ഹെവി മോട്ടോർ വാഹനങ്ങളിലും 20 വയസ്സിൽ അധികം പ്രായമുള്ള ഒരു സഹായിയെങ്കിലും ഉണ്ടാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനം ഓടിക്കുമ്പോൾ ഡ്രൈവർക്ക് പിന്നിൽ നിന്നുവരുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരം നൽകുവാൻ ഇദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്താനാണ് ഇത്തരത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. അപകടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തും. |
| (ഡി) വലിയ വാഹനങ്ങളിൽ അമിതഭാരം കയറ്റി മൂടിക്കെട്ടി പോകുന്നത് പരിശോധിക്കാൻ എന്തെങ്കിലുംസംവിധാനം നിലവിലുണ്ടോ;വിശദമാക്കുമോ; | (ഡി) | വലിയ വാഹനങ്ങളിൽ അമിതഭാരം കയറ്റി മൂടിക്കെട്ടി പോകുന്ന വാഹനങ്ങളെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ആയതിൽ ക്രമക്കേട് കണ്ടുപിടിക്കുന്ന പക്ഷം വാഹനത്തിനെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. |
| (ഇ) ഇങ്ങനെയുള്ള കള്ള വാഹനങ്ങൾ രാത്രി 12 മണിക്കും രാവിലെ 6 മണിയ്ക്കും ഇടയിലാണ് റോഡുകളിൽ കൂടി അമിത വേഗത്തിൽ ഓടുന്നതെന്ന വസ്തുത മനസ്സിലാക്കി, ഇത് കുറ്റമറ്റതാക്കാൻ രാത്രി സ്ക്വാഡിനെ നിയമിക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ? | (ഇ) | അമിതഭാരം കയറ്റി രാത്രികാലങ്ങളിൽ പോകുന്ന വാഹനങ്ങളെ പരിശോധിക്കാൻ വകുപ്പ് രാത്രികാല സ്ക്വാഡിനെ നിലവിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ